പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2249 — 10.10.2011- ലെ മറുപടി

## രാത്രികാല സർവ്വീസ് നടത്താൻ നടപടി

ചോദ്യം — ഉത്തരം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കൽപ്പറ്റയിൽ നിന്നും മാനന്തവാടി, സുൽത്താൻ ബത്തേരി എന്നീ ഭാഗങ്ങളിലേയ്ക്ക് രാത്രി എട്ട് മണി കഴിഞ്ഞാൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളും സ്വകാര്യ ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട് ; | (എ) | കൽപ്പറ്റയിൽ നിന്നും മാനന്തവാടി, ഭാഗത്തേക്ക് രാത്രി 8.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിൽ 16 കെ.എസ്.ആർ.ടി.സി ബസ്സുകളും 3 പ്രൈവറ്റ് ബസ്സുകളും സുൽത്താൻ ബത്തേരി ഭാഗത്തേക്ക് 25 കെ.എസ്.ആർ.ടി.സി ബസുകളും 4 പ്രൈവറ്റ് ബസ്സുകളും സർവ്വീസ് നടത്തി വരുന്നുണ്ട്. |
| (ബി) | വയനാട് ചുരത്തിലെ ഗതാഗതക്കുരുക്ക് കാരണം കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര ബസ്സുകളുടെ സർവ്വീസ് നിലയ്ക്കുന്ന സാഹചര്യത്തിൽ വയനാട് ഡിപ്പോയിൽ നിന്നും കൂടുതൽ രാത്രികാല സർവ്വീസുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ബി) | ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ രാത്രികാല സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ